**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6164** **09-07-2024 - ൽ മറുപടിയ്ക്ക്**

**മാരായമുട്ടം സർവീസ് സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സർവീസ് സഹകരണ ബാങ്ക് (നം.984) എം.ഡി.എസ്./ചിട്ടി നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കേണ്ട തുക കൃത്യമായി നൽകാൻ കഴിയുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ബാങ്കിന്റെ തത്തിയൂർ ബ്രാഞ്ചിൽ 9/17-10 പ്രകാരം അഞ്ച് ലക്ഷം രൂപയുടെ സ്കീം ഉണ്ടായിരുന്നോ; | (സി) | ഉണ്ടായിരുന്നു. |
| (ഡി) | പ്രസ്തുത സ്കീമിൽ ഉൾപ്പെട്ടവർക്ക് ലഭിക്കേണ്ട തുക നൽകിയിരുന്നോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (ഡി) | പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട എല്ലാ ചിറ്റാളൻമാർക്കും ചിട്ടി തുക നൽകിയിട്ടുണ്ട്. ചിട്ടി തുക സ്ഥിരനിക്ഷേപമാക്കി മാറ്റിയതിൽ നിന്നും തുക തിരികെ നൽകാനായി ബാക്കി നിൽപ്പുണ്ട്. |
| (ഇ) | ഇതിൽ അതുല്യ രാജൻ എന്ന വ്യക്തിക്ക് ലഭിക്കേണ്ട തുകയിൽ ഇതേ വരെ എത്ര തുക നൽകി; ബാക്കി തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | അതുല്യ രാജൻ എന്ന വ്യക്തിക്ക് സ്ഥിര നിക്ഷേപ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയതിൽ നിന്നും 1,00,000/- രൂപ തിരികെ നൽകിയിട്ടുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ബാക്കി നിൽപ്പ് തുകയായ 4,75,639/-രൂപ നൽകുന്നതിന് തടസ്സമില്ലെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (എഫ്) | തുക നൽകുന്നതിന് തടസ്സമില്ലെങ്കിൽ ഈ തുക ഒറ്റത്തവണയായി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; | (എഫ്) | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ബാക്കി നിൽപ്പ് തുകയായ 4,75,639/- രൂപ 2024 ആഗസ്റ്റ് 31 ന് മുമ്പ് കൊടുത്ത് തീർക്കാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (ജി) | തുക നൽകാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത ബാങ്കിന്റെ ഭരണസമിതിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ജി) | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ബാക്കി നിൽപ്പ് തുകയായ 4,75,639/- രൂപ 2024 ആഗസ്റ്റ് 31 ന് മുമ്പ് കൊടുത്ത് തീർക്കാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ